# പതിനഞ്ചാം കേരള നിയമസഭ
# ഒന്നാം സമ്മേളനം
# ബഹു സ്പീക്കറുടെ റൂളിംഗ്

10-06-2021

## (10) ധനകാര്യ ബില്ലിന്റെ അവതരണം

2021-22 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റിൽ പുതിയ നികുതി നിർദ്ദേശങ്ങളില്ലാത്തതിനാലും ഈ വർഷത്തെ ആദ്യ ബഡ്ജറ്റ് നിർദ്ദേശങ്ങളെല്ലാം നടപ്പിലാക്കുമെന്ന് ധനകാര്യ വകുപ്പുമന്ത്രി സഭയിൽ പ്രഖ്യാപിച്ചിട്ടുള്ളതിനാലും ഇന്നത്തെ കാര്യവിവരപ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള 2021-ലെ ധനകാര്യ ബില്ലിന്റെ അവതരണം ക്രമവിരുദ്ധമാണെന്നും പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിലെ ഖണ്ഡിക 113-ൽ 14-ാം കേരള നിയമസഭയുടെ കാലാവധി കഴിഞ്ഞപ്പോൾ 2021-ലെ ധനകാര്യ ബില്ലിലെ വ്യവസ്ഥകൾ കാലഹരണപ്പെട്ടുവെന്നും ടി ബില്ലിലെ എല്ലാ ഖണ്ഡങ്ങളും പുനഃസ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുവെന്നുമുള്ള പ്രസ്താവന നീക്കം ചെയ്യേണ്ടതാണെന്നും 2021 ജൂൺ 10-ാം തീയതി ധനകാര്യം പരിഗണിക്കുന്നതിന് മുമ്പ്, ഒരു പ്രതിപക്ഷാംഗം ക്രമപ്രശ്നത്തിലൂടെ ആവശ്യപ്പെടുകയുണ്ടായി.

14-ാം കേരള നിയമസഭയിൽ അവതരിപ്പിച്ച ധനകാര്യ ബില്ലുകൾ 1985-ലെ കേരള പ്രൊവിഷണൽ കളക്ഷൻസ് ഓഫ് റവന്യൂസ് ആക്ടിലെ ഡിക്ലറേഷനോടുകൂടിയാണ് സഭയിൽ അവതരിപ്പിക്കപ്പെട്ടതെങ്കിലും 14-ാം കേരള നിയമസഭ പിരിച്ചുവിട്ടതോടുകൂടി ബിൽ ലാപ്സാകുകയും അന്നുമുതൽ ബില്ലിലെ വ്യവസ്ഥകൾക്ക് പ്രാബല്യം നഷ്ടമാവുകയും ചെയ്ത സാഹചര്യത്തിലാണ് 15-ാം കേരള നിയമസഭ നിലവിൽ വന്നയുടൻ പുതിയ ധനകാര്യ ബില്ലുകൾ അവതരിപ്പിക്കേണ്ടിവന്നത്; അതിനാൽ ബഡ്ജറ്റ് പ്രസംഗത്തിലെ 113-ാം ഖണ്ഡികയിലെ പ്രസ്താവനയിൽ പിശകില്ലെന്ന് കാണുന്നെന്നും ബില്ലിലെ 8-ാംവകുപ്പ് സർക്കാർ നിശ്ചയിക്കുന്ന ദിവസത്തിൽ പ്രാബല്യത്തിൽ വരുമെന്നത് 1985-ലെ പ്രൊവിഷണൽ കളക്ഷൻ ഓഫ് റവന്യൂസ് ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലെന്നും ധനകാര്യ വകുപ്പുമന്ത്രി വിശദീകരണം നൽകുകയുണ്ടായി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയുന്ന റൂളിംഗ് നൽകി*.

2021 ജനുവരി 21-ാംതീയതി സഭയിൽ അവതരിപ്പിച്ച ധനകാര്യ ബില്ലുകൾ 1985-ലെ കേരള പ്രൊവിഷണൽ കളക്ഷൻ ഓഫ് റവന്യൂസ് ആക്ടിലെ ഡിക്ലറേഷനോടുകൂടിയാണ് സഭയിൽ അവതരിപ്പിക്കപ്പെട്ടതെങ്കിലും

14-ാം കേരള നിയമസഭ പിരിച്ചുവിട്ടതോടുകൂടി ബിൽ ലാപ്സാകുകയും അന്നുമുതൽ ബില്ലിലെ വ്യവസ്ഥകൾക്ക് പ്രാബല്യം നഷ്ടമാവുകയും ചെയ്ത സാഹചര്യത്തിലാണ് പുതിയ ധനകാര്യ ബില്ലുകൾ അവതരിപ്പിക്കേണ്ടിവന്നത്. പഴയ ബില്ലുകൾ ലാപ്സായതിനും പുതിയ ബില്ലിലെ വ്യവസ്ഥകൾ നിലവിൽ വരുന്നതിനുമിടയിൽ വരുന്ന കാലഘട്ടത്തിൽ നടത്തുന്ന ടാക്സ് കളക്ഷൻ നടപടികളുൾപ്പെടെയുള്ള വ്യവസ്ഥകൾക്ക് പുതിയ ബില്ലിൽ വാലിഡേഷൻ ക്ലെയിം ഉൾപ്പെടുത്തി അപ്രകാരമുള്ള അപാകതകൾ പരിഹരിക്കാവുന്നതാണ്. അതാണ് പൊതുവെ സ്വീകരിച്ചുവരുന്നത്. ആകയാൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.